**കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4382 — 27.06.2013 ലെ മറുപടി നൽകേണ്ടിയിരുന്നത്

<u>കൈവശരേഖ നൽകുന്നതിനുള്ള നടപടി</u>

ചോദ്യം

ശ്രീ. ജോസ് തെറ്റയിൽ

മറുപടി

ശ്രീ. അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പു മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | അങ്കമാലി നിയോജക മണ്ഡലത്തിൽ അയ്യമ്പുഴ പഞ്ചായത്തിൽ ചാത്തക്കുളം, കാരേക്കാട്ട്, കട്ടക്കളങ്ങര, കണ്ണിമംഗലം തുടങ്ങിയ പ്രദേശങ്ങളിൽ വനഭൂമി കൈവശം വച്ച് താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള 145 കുടുംബങ്ങൾക്ക് കൈവശരേഖ നൽകുന്നതിനായി വനം വകുപ്പിന്റെ അഭിപ്രായ സഹിതം സമർപ്പിച്ചിട്ടുള്ള സംയുക്ത പരിശോധന റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; | (എ) | പട്ടയം നൽകുന്നതിനായി തയ്യാറാക്കിയ 145 പേരുടെ ലിസ്റ്റിൽ പരിഗണിക്കാവുന്നതെന്ന് റിമാർക്സ് രേഖപ്പെടുത്തിയ 9.5177 ഹെക്ടർ വിസ്തീർണ്ണമുള്ള വനഭൂമി പതിച്ചു നൽകുന്നതിനായി കേന്ദ്രാനുമതി ലഭിക്കാനായി പ്രപ്പോസൽ അയക്കുന്നതിന് ഓരോ കൈവശവും അനുസരിച്ച് മാപ്പ് തയ്യാറാക്കി വരികയാണ്. |
| (ബി) | കൈവശരേഖ എന്നത്തേക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ബി) | കേന്ദ്രാനുമതി ലഭിച്ചശേഷം കൈവശരേഖ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | സംയുക്ത പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | (സി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

Rajeev

സെക്ഷൻ ഓഫീസർ